(ബി) ബാക്കി 7 ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി ആർ. ഇ. സി.-യിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(സി) പദ്ധതി ചെലവിന്റെ 90% ഗ്രാന്റായും ബാക്കി 10% (5% പലിശയോടു കൂടിയ) മൃദുവായ്പയായുമാണ് ലഭിക്കുന്നത്.

(ഡി) തുക ലഭിക്കുന്നതനുസരിച്ച് പദ്ധതി പ്രകാരമുള്ള കരകളുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

മെറ്റീരിയൽസ് ലഭ്യമാക്കി വിവിധ പദ്ധതികൾ പൂർത്തിയാക്കാൻ നടപടി

73 [376] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡിൽ വിവിധ പദ്ധതികളിലായി തുക നിക്ഷേപിച്ച് വർഷങ്ങളായിട്ടും ആവശ്യമായ മെറ്റീരിയൽസിന്റെ ലഭ്യതയ്മ കാരണം പണികൾ പൂർത്തിയാക്കാൻ കഴിയാത്ത വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം. പി., എം. എൽ. എ. തുടങ്ങിയവരുടെ പ്രാദേശിക വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതികൾ തുടങ്ങിയവയിൽ മെറ്റീരിയൽസ് ലഭ്യമല്ലാത്തതിനാൽ കെ. എസ്. ഇ. ബി. ഏറ്റെടുത്ത പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പദ്ധതികൾ പൂർത്തിയാക്കാനാവശ്യമായ മെറ്റീരിയൽസ് ലഭ്യമാക്കാൻ സമയബന്ധിതമായ പരിപാടി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികളുടെ എണ്ണം താഴെ ചേർക്കുന്നു:

എ. പി. ഫണ്ട്	-	73
എം. എൽ. എ. ഫണ്ട്	-	381
പി. പി. എസ്.	-	1107
എസ്. സി./എസ്.ടി. പദ്ധതികൾ	-	58

(സി) പദ്ധതികൾ പൂർത്തിയാക്കാനാവശ്യമായ മെറ്റീരിയൽസ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

വൈദ്യുത ഉല്പാദന പദ്ധതികളുമായി ബന്ധപ്പെട്ട റിസർവോയറുകളിലെ സംഭരണശേഷി

74 [377] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ വൈദ്യുത ഉല്പാദന പദ്ധതികളുമായി ബന്ധപ്പെട്ട് റിസർവോയറുകൾ ഓരോന്നിന്റെയും പരമാവധി സംഭരണശേഷി എത്രയാണെന്നും യഥാർത്ഥത്തിൽ കഴിഞ്ഞ 5 വർഷങ്ങളിലെ ജൂൺ 1, ഒക്ടോബർ 1 എന്നീ തീയതികളിലെ സംഭരണ സ്ഥിതി എന്തായിരുന്നുവെന്നും വിശദമാക്കാമോ;

(ബി) മുൻ വർഷത്തെ (2005) ജൂൺ 1, ഒക്ടോബർ 1 എന്നീ തീയതികളിലെ സംഭരണ സ്ഥിതിയേക്കാൾ മെച്ചപ്പെട്ട സംഭരണ സ്ഥിതി ഇതിന് മുമ്പ് എപ്പോഴെങ്കിലും ഉണ്ടായിരുന്നിട്ടുണ്ടോ; എങ്കിൽ അത് എപ്പോഴായിരുന്നു;

(സി) മുൻ വർഷം (2005) ഏതെങ്കിലും റിസർവോയർ നിറഞ്ഞൊഴുകുകയോ, വെള്ളം തുറന്ന് വിടുകയോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. †

(ബി) 2005 ജൂൺ 1-ാം തീയതിയിലെ സംഭരണ സ്ഥിതിയേക്കാൾ മെച്ചപ്പെട്ട സംഭരണ സ്ഥിതി ഇതിന് മുമ്പ് ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു:

വർഷം	ഉൽപ്പാദിപ്പിക്കുവാനുള്ള ജലം (എം.യു.)
2005 ജൂൺ 1	425.88
2004 ജൂൺ 1	731.18
2001 ജൂൺ 1	571.87
2000 ജൂൺ 1	539.31
1999 ജൂൺ 1	1185.46
1998 ജൂൺ 1	637.53

എന്നാൽ 2005 ഒക്ടോബർ 1-ാം തീയതിയിലെ സംഭരണ സ്ഥിതിയേക്കാൾ മെച്ചപ്പെട്ട സംഭരണ സ്ഥിതി മുൻവർഷങ്ങളിൽ ഉണ്ടായിട്ടില്ല.

(സി) മുൻവർഷം കുറ്റ്യാടി, പൊരിങ്ങൽകുത്ത്, ഷോളയാർ, ഇടമലയാർ, പൊന്മുടി, നേര്യമംഗലം എന്നീ റിസർവോയറുകളിൽ സംഭരണ ശേഷിയേക്കാൾ വെള്ളം നിറഞ്ഞതിനാൽ, തുറന്നു വിടുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധം II-ൽ ചേർക്കുന്നു.††

വൈദ്യുതി എത്തിക്കാനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യാൻ നടപടി

75 [379] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം X

†† അനുബന്ധം XA

(378)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[8-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത 74 (377)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

(സംഭരണശേഷി Mu-വിൽ)

റിസർവ്വയർ	പരമാവധി സംഭരണ ശേഷി (Mu)	2001		2002		2003		2004		2005	
		ജൂൺ 1	ഒക്ടോബർ 1	ജൂൺ 1	ഒക്ടോബർ 1	ജൂൺ 1	ഒക്ടോബർ 1	ജൂൺ 1	ഒക്ടോബർ 1	ജൂൺ 1	ഒക്ടോബർ 1
ഇടുക്കി	2190.00	367.56	1442.59	182.26	576.19	175.19	693.43	414.80	1472.21	251.00	1919.47
പമ്പ	59.46	114.33	560.19	77.87	215.78	151.00	355.31	148.53	578.55	68.35	824.93
കക്കി	856.47										
ഷോളയാർ	152.06	15.93	131.74	5.58	89.94	2.06	107.74	19.05	126.14	26.47	137.24
ഇടമലയാർ	254.45	37.84	176.77	24.81	113.46	5.23	119.99	48.28	186.01	31.23	233.20
കുണ്ടള	22.74	0.00	20.09	0.00	12.63	2.42	9.96	57.52	161.68	37.29	165.67
മാട്ടുപ്പെട്ടി	161.23	8.03	95.72	56.21	73.00	20.53	36.94				
കുറ്റ്യാടി	41.47	3.26	27.94	12.86	33.65	0.91	11.17	6.34	23.03	0.77	20.28
ആനയിറങ്കൽ	65.62	6.97	18.43	0.00	8.60	0.14	8.76	29.08	66.49	4.74	117.30
പൊന്മുടി	63.52	10.69	61.56	16.82	32.92	1.54	14.95				
നേര്യമംഗലം	4.83	2.61	4.71	3.25	2.28	2.70	2.39	1.96	4.74	2.84	4.68
പൊരിങ്ങൽ	10.62	3.75	9.89	1.09	6.78	2.26	3.12	5.04	4.45	2.36	6.43
ലോവർ പെരിയാർ	2.09	0.9	2.07	1.29	0.96	0.69	0.62	0.58	0.87	0.83	0.86
ആകെ	3885.63	571.87	2551.70	382.04	1166.19	364.67	1364.18	731.18	2624.17	425.88	3430.06

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X (എ)

[8-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത 74 (377)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

നിറഞ്ഞൊഴുകിയ വെള്ളത്തിന്റെ അളവ് മില്യൺ ക്യുബിക് മീറ്ററിൽ (MCM)

റിസർവ്വയർ	ജൂൺ 2005	ജൂലൈ 2005	ആഗസ്റ്റ് 2005	സെപ്റ്റംബർ 2005	ഒക്ടോബർ 2005	നവംബർ 2005	ഡിസംബർ 2005	ആകെ
കുറ്റ്യാടി	-	14.64	13.87	3.274	-	-	-	
പെരിങ്ങൽകുത്ത്	-	194.40	123.6	231.1	-	-	-	
ഷോളയാർ	-	--	11.11	36.19	-	-	-	
ഇടമലയാർ	-	-	-	102	-	-	-	
പൊന്മുടി	-	-	19.25	18.26	15.99	34.03	7.0	
നേര്യമംഗലം	17.52	328.31	241.8	257.8	111.6	95.87	27.38	
ആകെ								